# 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2024 ഒക്‌ടോബർ 11-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1177/2024.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം: | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി IV
# വ്യവസായവും ധാതുക്കളും
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. പി. രാജീവ്,
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (*നെന്മാറ*)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി
ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ (ബിൽ നമ്പർ 222), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ, 2024 ഒക്ടോബർ 3-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2024 ഒക്ടോബർ 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2024 ഒക്ടോബർ 10-ാം തീയതി സഭാ സമ്മേളനത്തിന് ശേഷം വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>3-ാം ഖണ്ഡം</u>

ബില്ലിലെ 3-ാം ഖണ്ഡത്തിലെ (ii)-ാം ഇനം പ്രകാരം 6-ാം വകുപ്പിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ആക്റ്റിൽ" എന്ന വാക്കിന് പകരം "ആക്റ്റിൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. മറ്റു ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2024 ഒക്ടോബർ 11.

പി. രാജീവ്,
*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി IV.*

## അനുബന്ധം I

## വിയോജനക്കുറിപ്പ്

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമത്തിലെ വകുപ്പ് അഞ്ച് പ്രകാരം കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നതിന് പകരം തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നൽകുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ലഭിക്കുന്ന സ്ഥാപനത്തിൽ മൂന്നരവർഷക്കാലയളവിലേയ്ക്ക് യാതൊരുവിധ പരിശോധനകളും നടത്തുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. നിലവിൽ ഈ കാലയളവ് മൂന്ന് വർഷമായിരുന്നു.

ഇപ്രകാരം തത്വത്തിൽ അംഗീകാരം നൽകി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ പരിസ്ഥിതിക്ക് ദോഷകരമായതും എന്നാൽ റെഡ് കാറ്റഗറിയിൽ അല്ലാത്തതുമായ വ്യവസായങ്ങൾ ആരംഭിച്ചാൽ പ്രദേശവാസികൾക്ക് അത് സംബന്ധിച്ച് പരാതി നൽകുന്നതിനോ അധികാരികൾക്ക് അതിന്മേൽ പരിശോധനകൾ നടത്തുന്നതിനോ സാധിക്കാത്ത സാഹചര്യമുണ്ട്. ഈ വ്യവസ്ഥ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാവുന്നതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം അനുവദിക്കാവുന്ന സംരംഭങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

**മഞ്ഞളാംകുഴി അലി** (ഒപ്പ്)

അനുബന്ധം II

# 2024- ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത് )

[അടിയിൽ വരച്ചത് സമിതി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

2019- ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റ് (2019-ലെ 16) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഒരു പദപ്രയോഗത്തിന് പകരം മറ്റൊരു പദപ്രയോഗം ചേർക്കൽ.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിൽ (2019-ലെ 16) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), "കൈപ്പറ്റ് സാക്ഷ്യപത്രം" എന്ന പദം വരുന്നിടത്തെല്ലാം അതിന് പകരം "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്.

3. 6-ാം വകുപ്പിന്റെ ഭേദഗതി .—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം താഴെ പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ പ്രാബല്യം";

(ii) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) 5-ാം വകുപ്പ് പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ ഒരു തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തീയതി മുതൽ മൂന്ന് വർഷവും ആറുമാസവുമായ ഒരു കാലയളവിലേക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, പ്രസ്തുത കാലയളവിനുള്ളിൽ, അപ്രകാരമുള്ള വ്യവസായ സ്ഥാപനം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതുമാണ്:

എന്നാൽ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരംക്ഷണ ആക്റ്റിലോ (2008-ലെ 28) അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടും ഒരു ഭൂമി ഉപയോഗിക്കുന്നതിന് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതാകുന്നു.";

(iii) (2)-ാം ഉപവകുപ്പിലെ "മൂന്ന് വർഷക്കാലയളവിൽ " എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ "മൂന്ന് വർഷക്കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024 ഒക്ടോബർ 10.

ഡോ. എൻ. കൃഷ്ണ കുമാർ
*സെക്രട്ടറി.*